പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 300

# 2009-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2009

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 300

# 2009-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

880/2009.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 300

# 2009-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

1932-ലെ ഇൻഡ്യൻ പങ്കാളിത്ത ആക്റ്റ്, അത് കേരള സംസ്ഥാനത്തെ ബാധിക്കുന്നിടത്തോളം, വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1932-ലെ ഇൻഡ്യൻ പങ്കാളിത്ത ആക്റ്റ്, അത് കേരള സംസ്ഥാനത്തെ ബാധിക്കുന്നിടത്തോളം, താഴെ കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2009-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ആക്റ്റ് എന്നു പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1-ാം പട്ടികയ്ക്ക് പകരം പുതിയ പട്ടിക ചേർക്കൽ.—1932-ലെ ഇൻഡ്യൻ പങ്കാളിത്ത ആക്റ്റിലെ (1932-ലെ 9-ാം കേന്ദ്ര ആക്റ്റ്), 1-ാം പട്ടികയ്ക്ക് പകരം, താഴെ പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:—

"പട്ടിക I

## പരമാവധി ഫീസ്

[71-ാം വകുപ്പ് (1)-ാം ഉപവകുപ്പ് കാണുക]

| ഫീസ് കൊടുക്കേണ്ടത് ഏതു രേഖയേയോ കൃത്യത്തേയോ സംബന്ധിച്ചാണെന്ന് | പരമാവധി ഫീസ് |
|---|---|
| (1) | (2) |
| 58-ാം വകുപ്പിൻകീഴിലുള്ള പ്രസ്താവന | മുന്നൂറ് രൂപ |
| 60-ാം വകുപ്പിൻകീഴിലുള്ള പ്രസ്താവന | ഇരുന്നൂറ് രൂപ |
| 61-ാം വകുപ്പിൻകീഴിലുള്ള അറിയിപ്പ് | ഇരുന്നൂറ് രൂപ |
| 62-ാം വകുപ്പിൻകീഴിലുള്ള അറിയിപ്പ് | ഇരുന്നൂറ് രൂപ |
| 63-ാം വകുപ്പിൻകീഴിലുള്ള നോട്ടീസ് | ഇരുന്നൂറ് രൂപ |
| 64-ാം വകുപ്പിൻകീഴിലുള്ള അപേക്ഷ | ഇരുന്നൂറ് രൂപ |
| 66-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഫേമുകളുടെ രജിസ്റ്ററിന്റെ പരിശോധനയ്ക്ക് | രജിസ്റ്ററിന്റെ ഒരു വാല്യം പരിശോധിക്കുന്നതിന് അൻപത് രൂപ |
| 66-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഒരു ഫേമിനെ സംബന്ധിക്കുന്ന രേഖകളുടെ പരിശോധനയ്ക്ക് | ഒരു ഫേമിനെ സംബന്ധിക്കുന്ന എല്ലാ രേഖകളും പരിശോധിക്കുന്നതിന് നൂറ് രൂപ |
| ഫേമുകളുടെ രജിസ്റ്ററിൽ നിന്നുള്ള പകർപ്പുകൾ | ഓരോ നൂറ് വാക്കുകൾക്കോ അതിന്റെ ഭാഗത്തിനോ നൂറ് രൂപ.". |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1932-ലെ ഇൻഡ്യൻ പങ്കാളിത്ത ആക്റ്റിന്റെ (1932-ലെ 9-ാം കേന്ദ്ര ആക്റ്റ്) 1-ാം പട്ടികയിൽ മേൽപ്പറഞ്ഞ ആക്റ്റ് പ്രകാരമുള്ള വിവിധ രേഖകളെ സംബന്ധിച്ച് കൊടുക്കേണ്ടതായ പരമാവധി ഫീസ് വിഭാവനം ചെയ്യുന്നു. അൻപത് പൈസ മുതൽ പതിനഞ്ച് രൂപവരെ വ്യത്യാസപ്പെടുന്നതാണ് നിലവിലുള്ള നിരക്കുകൾ, ആയത് 1973 വർഷത്തിൽ പ്രാബല്യത്തിൽ വന്നതാണ്, 1973-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ആക്റ്റ് (1973-ലെ 25) കാണുക.

1932-ലെ ഇൻഡ്യൻ പങ്കാളിത്ത ആക്റ്റിൽ വിനിർദ്ദേശിച്ചിരിക്കുന്ന ഫീസ് വളരെ കുറവായതിനാൽ, പ്രസ്തുത ആക്റ്റ് പ്രകാരം ഫയൽ ചെയ്യുന്നതിനായുള്ള വിവിധ രേഖകൾക്ക് കൊടുക്കേണ്ടതായ പരമാവധി ഫീസ് വർദ്ധിപ്പിക്കുന്നതിന് കേരള സർക്കാർ തീരുമാനിച്ചു.

1932-ലെ ഇൻഡ്യൻ പങ്കാളിത്ത ആക്റ്റിലെ 1-ാം പട്ടിക ഭേദഗതി ചെയ്ത് ഫയൽ ചെയ്യുന്നതിനായുള്ള വിവിധ രേഖകൾക്ക് കൊടുക്കേണ്ടതായ പരമാവധി ഫീസ് അൻപത് രൂപ മുതൽ മുന്നൂറു രൂപവരെ വ്യത്യാസപ്പെടുത്തി വർദ്ധിപ്പിക്കുന്നതിനുള്ളതാണ് ഇപ്പോഴത്തെ നിർദ്ദേശം.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

എസ്. ശർമ്മ

(ശരിത്തർജ്ജമ)

## 1932-ലെ ഇൻഡ്യൻ പങ്കാളിത്ത ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗം

(1932-ലെ 9-ാം കേന്ദ്ര ആക്റ്റ്)

"പട്ടിക I

പരമാവധി ഫീസ്

[71-ാം വകുപ്പ് (1)-ാം ഉപവകുപ്പ് കാണുക]

| ഫീസ് കൊടുക്കേണ്ടത് ഏതു രേഖയേയോ കൃത്യത്തേയോ സംബന്ധിച്ചാണെന്ന് | പരമാവധി ഫീസ് |
|---|---|
| (1) | (2) |
| 58-ാം വകുപ്പിൻകീഴിലുള്ള പ്രസ്താവന | പതിനഞ്ചു രൂപ |
| 60-ാം വകുപ്പിൻകീഴിലുള്ള പ്രസ്താവന | അഞ്ചു രൂപ |
| 61-ാം വകുപ്പിൻകീഴിലുള്ള അറിയിപ്പ് | അഞ്ചു രൂപ |
| 62-ാം വകുപ്പിൻകീഴിലുള്ള അറിയിപ്പ് | അഞ്ചു രൂപ |
| 63-ാം വകുപ്പിൻകീഴിലുള്ള നോട്ടീസ് | അഞ്ചു രൂപ |
| 64-ാം വകുപ്പിൻകീഴിലുള്ള അപേക്ഷ | അഞ്ചു രൂപ |
| 66-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഫേം രജിസ്റ്ററിന്റെ പരിശോധനയ്ക്ക് | രജിസ്റ്ററിന്റെ ഒരു വാല്യം പരിശോധിക്കുന്നതിന് രണ്ടു രുപ |
| 66-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഒരു ഫേമിനെ സംബന്ധിക്കുന്ന രേഖകളുടെ പരിശോധനയ്ക്ക് | ഒരു ഫേമിനെ സംബന്ധിക്കുന്ന എല്ലാ രേഖകളും പരിശോധിക്കുന്നതിന് രണ്ടു രുപ |
| ഫേം രജിസ്റ്ററിൽ നിന്നുള്ള പകർപ്പുകൾ | ഓരോ നൂറ് വാക്കുകൾക്കോ അതിന്റെ ഭാഗത്തിനോ അൻപതു പൈസ.". |